## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1717 — 17/06/2013 ൽ മറുപടിയ്ക്ക്

## ഇന്ത്യയിൽ മരുഭൂമിവത്ക്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി<br>" പി. ഉബൈദുള്ള<br>" സി. മമ്മൂട്ടി<br>" റ്റി.എ. അഹമ്മദ് കബീർ | ഉമ്മൻ ചാണ്ടി<br>മുഖ്യമന്ത്രി |
| (എ) ഇന്ത്യയിൽ മരുഭൂമിവത്ക്കരണം ആപത്കരമായ വിധം നടക്കുന്നു എന്ന കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ റിപ്പോർട്ടിനെ സംബന്ധിച്ച് എന്തെങ്കിലും വിവരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരം വെളിപ്പെടുത്താമോ; | (എ) ഉണ്ട്. ഐക്യരാഷ്ട്രസഭയുടെ മരുഭൂമിവൽക്കരണ നിയന്ത്രണ സമ്മേളനവുമായി (United Nations Conference on Combat Desertification) ബന്ധപ്പെട്ട് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം മരുഭൂമിവൽക്കരണം നിമിത്തം രാജ്യം നേരിടുന്ന വിവിധ പ്രശ്നങ്ങളെക്കുറിച്ച് ബൃഹത്തായ റിപ്പോർട്ട് സമർപ്പിയ്ക്കുകയുണ്ടായി. രാജ്യത്തിന്റെ മൊത്തം ഭൂവിസ്തൃതിയിൽ 25% പ്രദേശങ്ങളെയും മരുഭൂമിവൽക്കരണം ആപൽക്കരമായി ബാധിയ്ക്കുന്നു എന്ന് റിപ്പോർട്ടിൽ പ്രതിപാദിയ്ക്കുന്നു. മരുഭൂമിവൽക്കരണം, ഭൂനശീകരണം (land degradation), വരൾച്ച എന്നീ പ്രതിഭാസങ്ങൾ രാജ്യത്തിന്റെ ഭൂവിസ്തൃതിയിൽ 69% വരുന്ന വരണ്ട മേഖലയിലെ പ്രദേശങ്ങളെയാണ് പ്രധാനമായും ബാധിയ്ക്കുന്നത് എന്ന് ചൂണ്ടിക്കാണിയ്ക്കപ്പെടുന്നു. കേരളം വരണ്ട മേഖലയിൽ ഉൾപ്പെട്ടു കാണുന്നില്ല. രാജ്യത്തെ ജനങ്ങളുടെ ഉപജീവനമാർഗ്ഗത്തെയും ഭക്ഷ്യ സുരക്ഷയെയും ഇത് സാരമായി ബാധിയ്ക്കുമെന്നും കാർഷിക ഉത്പാദനം, ജൈവ സമ്പത്ത്, ഭൂഗർഭ ജലവിഭവം എല്ലാത്തിനുമുപരി ജലലഭ്യതയേയും ഈ പ്രതിഭാസം പ്രതികൂലമായി ബാധിയ്ക്കുന്നുണ്ട് എന്നും റിപ്പോർട്ടിൽ പറയുന്നു. |
| (ബി) മരുഭൂമിവത്ക്കരണ സാദ്ധ്യത സൃഷ്ടിക്കുന്ന കാരണങ്ങളിൽ സംസ്ഥാനത്തിന്റെ പങ്ക് എത്രത്തോളമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) ഉണ്ട്. മരുഭൂമിവൽക്കരണ സാദ്ധ്യതയുള്ള പ്രദേശങ്ങളെ കാണിയ്ക്കുന്ന അറ്റ്ലസിൽ കേരളത്തിന്റെ സ്ഥാനം മരുഭൂമിവൽക്കരണ സാദ്ധ്യത കുറഞ്ഞ മേഖലയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (സി) ഇക്കാര്യത്തിൽ കേന്ദ്രസർക്കാർ സ്വീകരിക്കുന്ന പ്രതിരോധ/പരിഹാര നടപടികൾ എന്തെല്ലാമാണെന്ന് അന്വേഷിച്ച് വിശദവിവരം ലഭ്യമാക്കുമോ? | (സി) Integrated Water Management Programme, National Afforestation Programme, Command Area Development Programme, Desertification Monitoring and Assessment, Arid Zone Research എന്നിവ മരുഭൂമിവൽക്കരണത്തെ പ്രതിരോധിയ്ക്കാൻ കേന്ദ്ര സർക്കാരിന്റെ വിവിധ മന്ത്രാലയങ്ങൾ നടപ്പാക്കുന്ന പദ്ധതികളാണ്. 2001-ൽ ആവിഷ്കരിച്ച മരുഭൂമിവൽക്കരണ പ്രതിരോധ പദ്ധതി (National Action for combating Desertification), കേന്ദ്രസർക്കാർ മരുഭൂമിവൽക്കരണത്തെ തടയാൻ എടുത്ത ശക്തമായ നയത്തിന്റെ ഭാഗമാണ്. |

സെക്ഷൻ ഓഫീസർ